

# ഉയിഗൂർ: പ്രതീക്ഷകളില്ലാതെ ഒരു ജനസമൂഹം

ഫഹ്മീ ഹുവൈദി

**'ഭീകരവാദികൾ', 'വംശീയ വിഘടനവാദികൾ' എന്നെല്ലാം മുദ്രകുത്തിയായിരിക്കും അടിച്ചമർത്തൽ. പക്ഷേ ഇത്തവണ പ്രശ്നം മുമ്പത്തേക്കാളൊക്കെ രൂക്ഷമാണ്. അതുകൊണ്ടാണ് ചൈനീസ് പ്രസിഡന്റ് റോം ഉച്ചകോടി ഉപേക്ഷിച്ച് ഉടൻ നാട്ടിൽ മടങ്ങിയെത്തിയത്.**

**ചൈനയിലെ** ഒടുവിലത്തെ സംഭവവികാസങ്ങളിൽ പ്രതീക്ഷക്ക് വകയുള്ള യാതൊന്നുമില്ല. ഭൂമിയുടെ ഒരു കോണിൽ ആരാലും ശ്രദ്ധിക്കപ്പെടാതെ പീഡിതരായി കഴിഞ്ഞുകൂടുന്ന മില്യൻ കണക്കിന് വരുന്ന ഒരു മുസ്‌ലിം ജനവിഭാഗത്തിന്റെ ദൈന്യതയും നിസ്സഹായതയും അത് നമ്മെ ഒരിക്കൽകൂടി ഓർമിപ്പിച്ചു എന്നു മാത്രം.

സിൻജിയാംഗിലെ മുസ്‌ലിംകളുടെ രോഷം അണപൊട്ടിയൊഴുകിയതിൽ എനിക്ക് യാതൊരു അത്ഭുതവും തോന്നുന്നില്ല. കാരണം ഉയിഗൂർ മുസ്‌ലിംകളുടെ നാട് കാൽനൂറ്റാണ്ട് മുമ്പ് സന്ദർശിച്ചതു മുതൽ എനിക്ക് നേരിട്ടറിയാം അവർ അനുഭവിച്ചുതീർക്കുന്ന പീഡനപർവങ്ങൾ. അവഹേളനത്തിന്റെയും അധിനിവേശത്തിന്റെയും ദാരിദ്ര്യത്തിന്റെയും പാടുകളാണ് അവരുടെ ജീവിതം നിറയെ. ഞാൻ *അൽഅറബി* മാസികയിൽ അവരെക്കുറിച്ച് ഫീച്ചറുകൾ എഴുതിയിരുന്നു. പിന്നീടവ കുവൈത്തിൽനിന്ന് പ്രസിദ്ധീകരിക്കുന്ന *അറിവിന്റെ ലോകം* എന്ന പുസ്തക പരമ്പരയിലുള്ള *ചൈനയിൽ ഇസ്‌ലാം* എന്ന പുസ്തകത്തിൽ ഉൾപ്പെടുത്തി.

ഉയിഗൂറുകളുടെ നാട് സന്ദർശിച്ചതു മുതൽ അവരുമായുള്ള എന്റെ

വ്യക്തിബന്ധങ്ങൾ മുറിഞ്ഞുപോയിട്ടില്ല. അവരിൽ ചിലർ പ്രവാസികളായി തൊട്ടടുത്ത പാകിസ്താനിലുണ്ട്. ചിലർ തുർക്കിയിലാണ്. തങ്ങളുടെ വേരുകൾ തുർക്കിയിലാണെന്ന് ഉയിഗൂറുകൾ വിശ്വസിക്കുന്നു. ഇപ്പോഴവരുടെ നാടിനെ സിൻജിയാംഗ് എന്ന് പേരു മാറ്റിയിരിക്കുന്നു. അതിനെ കിഴക്കൻ തുർക്കിസ്താൻ എന്ന് വിളിക്കാൻ ആരും ധൈര്യപ്പെടുന്നില്ല. പത്തൊമ്പതാം നൂറ്റാണ്ടിന്റെ ഒടുവിലാണ് ഈ ഭൂവിഭാഗം ചൈന വെട്ടിപ്പിടിച്ചത്.

പ്രവാസികളായ ഈ ഉയിഗൂറുകളാണ് എന്റെ വിവരസ്രോതസ്സ്. അവർ നൽകിയ വിവരങ്ങൾ വെച്ചാണ് കഴിഞ്ഞ രണ്ട് പതിറ്റാണ്ടായി ഞാൻ അവരെക്കുറിച്ച് എഴുതിക്കൊണ്ടിരിക്കുന്നത്. പേര് ഒരിക്കലും വെളിപ്പെടുത്തരുതേ എന്ന് പറഞ്ഞാണ് അവർ വിവരങ്ങൾ കൈമാറുക. പേര് പുറത്തറിഞ്ഞാൽ അത് നാട്ടിൽ ചെല്ലുമ്പോൾ അവരുടെ ജീവന് തന്നെ ഭീഷണിയാകും. വിവരങ്ങൾ നൽകുന്ന ആളിന്റെ പേര് പുറത്തായാലുള്ള പരിണതി എന്താണെന്ന് മറ്റൊരു അനുഭവം എന്നെ പഠിപ്പിച്ചിട്ടുണ്ട്. ഞാൻ സോവിയറ്റ് യൂനിയൻ സന്ദർശിച്ച കാലത്ത് അവിടെയുള്ള മുസ്‌ലിംകളെക്കുറിച്ച് എഴുതിയിരുന്നു. ഒരു ചെറുപ്പക്കാരനായിരുന്നു എനിക്ക് വിവരങ്ങൾ കൈമാറിയിരുന്നത്. അയാളുടെ പേര് ഞാൻ എവിടെയും എഴുതിയിരുന്നില്ല. പക്ഷേ അയാളുടെ ഒരു സുഹൃത്ത് അയാളെ ഒറ്റിക്കൊടുത്തു. അയാൾ വിചാരണ ചെയ്യപ്പെട്ടുവെന്നും വധശിക്ഷക്ക് ഇരയായി എന്നുമാണ് പിന്നീട് അറിയാൻ കഴിഞ്ഞത്. ഈ 'കുറ്റ'ത്തിന്റെ പേരിൽ മാത്രമാണോ, അതല്ല വേറെയും കുറ്റങ്ങളുണ്ടായിരുന്നോ അയാൾക്കെതിരെ വധശിക്ഷ വിധിക്കാൻ എന്ന് അറിഞ്ഞുകൂടാ. ഏതായാലും ആ വേദന ഇപ്പോഴും മനസ്സിനെ വേട്ടയാടുന്നു.

* * *

കുവൈത്തിൽനിന്ന് യാത്ര തിരിക്കുമ്പോൾ ഏറെയൊന്നും വലുപ്പമില്ലാത്ത മുസ്ഹഫുകൾ നിറച്ച ഒരു പെട്ടി ഞാൻ കരുതിയിരുന്നു. കമ്യൂണിസ്റ്റ് ഭരണമുള്ള പ്രദേശങ്ങളിലെ മുസ്‌ലിംകൾ സന്ദർശകരിൽനിന്ന് പ്രതീക്ഷിക്കുന്ന ഏറ്റവും അമൂല്യമായ ഉപഹാരം വിശുദ്ധ ഖുർആനാണെന്ന് മുമ്പ് നടത്തിയ സോവിയറ്റ് സന്ദർശനത്തിലൂടെ എനിക്ക് ബോധ്യപ്പെട്ടിരുന്നു. സിൻജിയാംഗിൽ ഞാൻ സന്ദർശിച്ച പള്ളികളിലൊന്നും മുസ്ഹഫ് ഉണ്ടായിരുന്നില്ല. ലാ ഇലാഹ ഇല്ലല്ലാഹ്, മുഹമ്മദുർറസൂലുല്ലാ, അല്ലാഹു അക്ബർ എന്നൊക്കെ കൊത്തിവെച്ച തളികകൾ മാത്രമാണ് അവിടെയുണ്ടായിരുന്നത്. അവിടത്തെ ഒരു ഇമാമിന് വിശുദ്ധ ഖുർആന്റെ ഒരു കോപ്പി സമ്മാനിച്ചപ്പോൾ കരഞ്ഞുകൊണ്ട് അദ്ദേഹം അതിന്മേൽ തുരുതുരെ മുത്തിയ രംഗം എനിക്ക് മറക്കാനാവില്ല. താൻ വിവാഹം കഴിക്കാൻ പോകുന്ന പെൺകുട്ടിക്ക് മഹ്‌റായി കൊടുക്കാൻ ഒരു മുസ്ഹഫ് തരണേ എന്ന് കെഞ്ചിയ ചെറുപ്പക്കാരനെയും എനിക്ക് മറക്കാൻ കഴിയില്ല.

ജനങ്ങളുമായി ആശയവിനിമയം നടത്തുക അസാധ്യം തന്നെയായിരുന്നു. ഭാഷ മാറിയതുകൊണ്ട് മാത്രമല്ല ഇത്. വിദേശികളുമായി സംസാരിക്കുന്നത് ചൈനീസ് ഭരണകൂടം വിലക്കിയിട്ടുണ്ട്. ജുമുഅ ദിവസം ഞാൻ അവരുടെ തലസ്ഥാനമായ ഓർമോശിയിലെ ഏറ്റവും വലിയ പള്ളിയിൽ ചെന്നപ്പോൾ അവിടെ നമസ്കരിക്കാൻ വന്നവരെല്ലാം വെള്ള വസ്ത്രങ്ങളും വർണത്തലപ്പാവുകളുമാണ് അണിഞ്ഞിരുന്നത്. പിന്നെയൊരാൾ നമസ്കരിക്കുന്നത് ശ്രദ്ധിച്ചു. അയാൾ റുകൂഉം സുജൂദുമൊക്കെ ചെയ്യുന്നുണ്ടെങ്കിലും ചുണ്ടനക്കുകയേ ചെയ്യുന്നില്ല. ഒരാൾ ഇതിനൊക്കെ വിശദീകരണം നൽകി: ജുമുഅ ദിവസം പെരുന്നാൾ പോലെയാണ് ജനം കാണുന്നത്. അതുകൊണ്ടാണ് അത്തരം വസ്ത്രധാരണം. നമസ്കരിക്കുന്നയാൾ ഒന്നും പറയാത്തത് ഖുർആനിലെ ഒരക്ഷരം പോലും അയാൾക്ക് അറിയാത്തതുകൊണ്ടാണ്. എങ്കിലും വരിയൊപ്പിച്ചുള്ള അവരുടെ നമസ്കാരത്തിലും ചലനങ്ങളിലും ഖുർആൻ മനഃപാഠമാക്കിയവരേക്കാൾ കൂടുതൽ ഭയഭക്തി ഞാൻ കണ്ടു.

ഇസ്‌ലാം ചൈനയിൽ എത്തുന്നത് മൂന്നാം ഖലീഫ ഉസ്മാനുബ്നു അഫ്ഫാന്റെ ഭരണകാലത്താണ്. രണ്ട് വഴികളിലൂടെയായിരുന്നു ഇസ്‌ലാമിന്റെ പ്രചാരം. ആദ്യത്തേത് 'സിൽക് റൂട്ട്' എന്നറിയപ്പെടുന്ന കരമാർഗം. പേർഷ്യക്കാരാണ് ചൈനയുടെ വടക്കൻ ഭാഗങ്ങളിൽ ഇസ്‌ലാം പ്രചരിപ്പിച്ചത്. അതിനാൽ മതാനുഷ്ഠാനങ്ങൾക്കും മറ്റും പാർസി സംജ്ഞകളാണ് ഉപയോഗിക്കുന്നത് (നമസ്കാരത്തിന് 'നമാസ്' പോലെ). രണ്ടാമത്തേത് കടൽ മാർഗമാണ്. ഹള്‌റമൗത്തിൽ നിന്നും തെക്കൻ യമനിൽനിന്നും വന്ന അറബി വ്യാപാരികളാണ് തെക്കൻ ചൈനയിൽ ഇസ്‌ലാം പ്രചരിപ്പിച്ചത്. ഈ അറേബ്യൻ കച്ചവടക്കാരിൽ ചിലരുടെ ഖബറുകൾ ഞാനവിടെ കണ്ടിട്ടുണ്ട്.

സിൻജിയാംഗിലെ മുസ്‌ലിംകൾക്ക് മതാനുഷ്ഠാനങ്ങൾ നിർവഹിക്കുന്നതിൽ വിലക്കുകളുണ്ട്. ഹജ്ജിന് പോകാൻ അവരെ അനുവദിക്കുന്നില്ല. ഗവൺമെന്റ് ജോലികൾ അവർക്ക് തടയപ്പെടുന്നു. അതത്രയും ഹാൻ വംശജരുടെ പിടിയിലാണ്. ഹാൻ വിഭാഗത്തിന്റെ കൈയിലാണ് എല്ലാറ്റിന്റെയും നിയന്ത്രണം. ജനസംഖ്യാനുപാതം അട്ടിമറിക്കുന്നതിന് ചൈനീസ് ഭരണകൂടം നടത്തുന്ന നീക്കങ്ങളിൽ ഉയിഗൂറുകൾ അസ്വസ്ഥരാണ്. ചൈനയുടെ വിവിധ ഭാഗങ്ങളിൽനിന്ന് ഹാൻ വംശജരെ സിൻജിയാംഗിൽ കുടിയിരുത്തുന്നു; ഉയിഗൂറുകളെ അവരുടെ സ്വന്തം പ്രവിശ്യയിൽനിന്ന് ചൈനയിലെ മറ്റു നഗരങ്ങളിലേക്ക് മാറ്റിപ്പാർപ്പിക്കുന്നു. ഇത് സിൻജിയാംഗിൽ ഉയിഗൂർ മുസ്‌ലിംകളുടെ എണ്ണം ഗണ്യമായി കുറയാൻ ഇടയാക്കി. സിൻജിയാംഗിൽ 90 ശതമാനം ഉണ്ടായിരുന്ന ഉയിഗൂറുകൾ ഇപ്പോൾ 60 ശതമാനം മാത്രമാണ്.

* * *

ഉയിഗൂറുകളുടെ സ്വത്വവും മതകീയ ചിഹ്നങ്ങളും ചൈനീസ് അധീശ സംസ്കാരത്തിൽ ലയിപ്പിച്ച് കളയുന്നതിൽ ഒതുങ്ങുന്നില്ല ഭരണകൂട നടപടികൾ. രണ്ടു വർഷം മുമ്പാണ് ചൈനീസ് ഭരണകൂടം വിവാഹിതരല്ലാത്ത ഒരു ലക്ഷം ഉയിഗൂർ യുവതികളെ (15നും 25നും ഇടക്ക് പ്രായമുള്ളവർ) സിൻജിയാംഗിന്റെ പുറത്ത് വിവിധ സ്ഥലങ്ങളിലേക്കായി കൊണ്ടുപോയത്. അവർ പോകാൻ നിർബന്ധിക്കപ്പെടുകയായിരുന്നു. ഈ യുവതികളെക്കുറിച്ച് അവരുടെ കുടുംബങ്ങൾക്ക് യാതൊരു വിവരവുമില്ല. ഉയിഗൂറുകളുടെ രോഷാഗ്നി കത്തിപ്പടരുന്നതിന് ഒരു പ്രധാന കാരണം ഇതാണ്.

കഴിഞ്ഞ ജൂൺ അവസാനവാരത്തിലാണ് തെക്കൻ ചൈനയിലെ ഷാങ്ഹായിക്ക് അടുത്തുള്ള കളിക്കോപ്പ് ഫാക്ടറിയിൽ 700 ഉയിഗൂർ തൊഴിലാളികൾ പണിമുടക്കിയത്. ഈ തൊഴിലാളികളെ ഇവിടേക്ക് കൊണ്ടുവന്നതാണ്. രണ്ട് കാരണത്താലായിരുന്നു പണിമുടക്ക്. ഒന്ന്, രണ്ടു മാസമായി അവർക്ക് വേതനം കിട്ടുന്നില്ല. രണ്ട്, വിവാഹിതരായ തൊഴിലാളികൾക്ക് ഫാക്ടറി ഉടമകൾ പ്രത്യേകം താമസസൗകര്യം നൽകുന്നില്ല. എന്നാൽ ഫാക്ടറി ഉടമസ്ഥരുടെ പ്രതികരണം വളരെ കടുത്തതായിരുന്നു.

ഫാക്ടറിയിലെ മറ്റു തൊഴിലാളികൾ (അവർ അയ്യായിരത്തോളം വരും, അധികവും ഹാൻ വംശജർ) ഉയിഗൂറുകൾ താമസിക്കുന്ന സ്ഥലത്തേക്ക് അവരെ ഒരു 'പാഠം പഠിപ്പിക്കാനായി' ഇരച്ചുകയറി. രോഷാകുലരായ ഉയിഗൂറുകൾ അവരുമായി ഏറ്റുമുട്ടി. രാത്രി 9 മുതൽ രാവിലെ അഞ്ചു മണിവരെ സംഘട്ടനം തുടർന്നു എന്നാണ് ദൃക്സാക്ഷി വിവരണം. പിന്നെയാണ് പോലീസ് എത്തിയത്.

ഔദ്യോഗിക വിശദീകരണ പ്രകാരം രണ്ടാളാണ് കൊല്ലപ്പെട്ടത്. എന്നാൽ അമ്പതിനും നൂറിനുമിടയിൽ ആളുകൾ കൊല്ലപ്പെട്ടിട്ടുണ്ടെന്ന് ഉയിഗൂറുകൾ തറപ്പിച്ചു പറയുന്നു. കാണാതായവരുടെയും അറസ്റ്റ് ചെയ്യപ്പെട്ടവരുടെയും എണ്ണം നൂറുകണക്കിനാണ്. ഈ വാർത്ത സിൻജിയാംഗിൽ എത്തിയപ്പോൾ, കളിക്കോപ്പ് ഫാക്ടറിയിൽ ജോലി ചെയ്തിരുന്ന തങ്ങളുടെ ഉറ്റവർക്ക് എന്തു പറ്റി എന്ന് അവരുടെ കുടുംബങ്ങൾ അന്വേഷിക്കാൻ തുടങ്ങി. രണ്ടാഴ്ച കഴിഞ്ഞിട്ടും യാതൊരു മറുപടിയുമില്ല. ഒടുവിൽ കാണാതായവരുടെ ഫോട്ടോ ഉയർത്തിപ്പിടിച്ച് അവർ സമാധാനപരമായി ഒരു പ്രകടനം നടത്തി. ഇവരെ ഹാൻ വംശജരും പോലീസും ചേർന്ന് നേരിട്ടപ്പോൾ തെരുവ് രക്തക്കളമായി. 150 ഉയിഗൂറുകൾ മരിച്ചു എന്നാണ് ഔദ്യോഗിക വിശദീകരണം. എന്നാൽ മറ്റെല്ലാ കണക്കുകളും വിരൽചൂണ്ടുന്നത്, മരണസംഖ്യ 400 കവിയുമെന്നാണ്. വർഷങ്ങളായി ഈ നരവേട്ട തുടരുകയാണ്. 'ഭീകരവാദികൾ', 'വംശീയ വിഘടനവാദികൾ' എന്നെല്ലാം മുദ്രകുത്തിയായിരിക്കും അടിച്ചമർത്തൽ. പക്ഷേ ഇത്തവണ പ്രശ്നം മുമ്പത്തേക്കാളൊക്കെ രൂക്ഷമാണ്. അതുകൊണ്ടാണ് ചൈനീസ് പ്രസിഡന്റ് റോം ഉച്ചകോടി ഉപേക്ഷിച്ച് ഉടൻ നാട്ടിൽ മടങ്ങിയെത്തിയത്.

* * *

റമദാനിൽ നോമ്പ് നോൽക്കുന്നത് വരെ വിലക്കുന്നുണ്ട്. ഹജ്ജ് ചെയ്യാൻ നിവൃത്തിയില്ല. അവരുടെ പാസ്പോർട്ടുകൾ കണ്ടുകെട്ടിയിരിക്കുകയാണ്. ചൈനീസ് ഗവൺമെന്റ് പറഞ്ഞയക്കുന്ന ഔദ്യോഗിക ഹജ്ജ് സംഘത്തിൽ പെട്ടാൽ മാത്രം ഹജ്ജ് ചെയ്യാം. ഹജ്ജിന് അപേക്ഷിക്കണമെങ്കിൽ തന്നെ ആറായിരം യൂറോ കെട്ടിവെക്കണം (അത് കുടുംബത്തിന്റെ നട്ടെല്ലൊടിക്കും). പിന്നെ ആൾ 50നും 70നും ഇടക്ക് പ്രായമുള്ളവനുമായിരിക്കണം. ഉയിഗൂർ (ഈ വാക്കിന് സഖ്യം, ഐക്യം എന്നൊക്കെയാണ് അർഥം. നിരവധി ഗോത്രങ്ങളുടെ കൂട്ടായ്മയാണ് ഈ ജനവിഭാഗം) മുസ്‌ലിംകളുടെ ദുരന്തത്തിന് മൂന്നാണ് കാരണം. ഒന്ന്, സോവിയറ്റ് യൂനിയനെപ്പോലെ ശിഥിലമാവുകയോ വിഘടിക്കുകയോ ചെയ്യാത്ത സുശക്തമായ ഒരു ഭരണക്രമത്തിനകത്താണ് അവരുടെ ജീവിതം. രണ്ട്, ഇവരുടെ നാട് (ഇതിന്റെ വിസ്തീർണം 1.6 മില്യൻ ച.കി, ചൈനയുടെ അഞ്ചിലൊന്ന് ഭൂപ്രദേശം. ഏകദേശം ഫ്രാൻസിന്റെ മൂന്നിരട്ടി) പ്രകൃതിവിഭവങ്ങളാൽ സമ്പന്നമാണ്. ഇവിടെയുള്ള എണ്ണയുടെ കരുതൽ ശേഖരം എട്ട് ബില്യൻ ടണ്ണാണ്. ഇപ്പോൾ ദിനംപ്രതി 5 മില്യൻ ടൺ ഖനനം ചെയ്യുന്നു. കൂടാതെ 600 മില്യൻ ടൺ കൽക്കരി ശേഖരം. ലോകത്തെ ഏറ്റവും മികച്ച യുറേനിയം കുഴിച്ചെടുക്കുന്ന ആറ് ഖനികൾ. പിന്നെ സ്വർണം പോലെയുള്ള നിക്ഷേപങ്ങൾ. മൂന്ന്, ഇവർ മുസ്‌ലിംകളാണെന്നതുതന്നെ. ലോകത്ത് നാഗരികമായും രാഷ്ട്രീയമായും അധഃസ്ഥിതരും ദുർബലരുമായി കഴിയുന്ന ഒരു വിഭാഗത്തിലേക്ക് ചേർക്കപ്പെടുന്നുവെന്നത് അവരുടെ പ്രശ്നങ്ങൾ പരിഹാരമില്ലാതെ നീളുന്നതിന് കാരണമാകുന്നു. ■